പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5185 | 27.07.2015 ൽ മറുപടിയ്ക്ക്

## കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലെ ജീവനക്കാർ

| ചോദ്യം<br>ശ്രീ.സി.പി.മുഹമ്മദ് | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| (എ) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരം ജീവനക്കാരായി മാറ്റുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;<br><br>(ബി) സംസ്ഥാന സാക്ഷരതാ മിഷനിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിര ജീവനക്കാരാക്കുന്നതിനുവേണ്ടിയും അവർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ഉറപ്പു വരുത്തുന്നതിനുവേണ്ടിയും ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ജനറൽ കൗൺസിലും ബഹു.വിദ്യാഭ്യാസ മന്ത്രി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; നടപ്പിലാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത സ്ഥാപനത്തിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന, മറ്റ് തൊഴിലുകൾക്ക് അപേക്ഷിക്കാൻ പ്രായപരിധി കഴിഞ്ഞ പ്രസ്തുത ജീവനക്കാരെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എ), (ബി) & (സി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരം ജീവനക്കാരായി മാറ്റുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ